"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലാ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.ഡി.ജോൺസൺ, കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ - അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2298/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 19.10.2019.**

പരാമർശം: 1) 05.05.2015-ലെ ഗ്രാമവികസന കമ്മീഷണറുടെ 3539/എസ്റ്റാ.എ1/2014/സിആർഡി നമ്പർ കത്ത്.
2) സ.ഉ.(സാധാ) നം.1575/2019/തസ്വഭവ തീയതി 25.07.2019.

**ഉത്തരവ്**

കൊല്ലം ജില്ലാ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയിരുന്ന ശ്രീ.ഇ.ശ്രീകുമാറിന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പോൾ, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അധികച്ചുമതല കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ആയ ശ്രീ.ഡി.ജോൺസന് നല്കിയ കൊല്ലം ജില്ലാ കളക്ടറുടെ നടപടിയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിരുന്നു. മേൽ കാലയളവിലേക്ക് ശ്രീ.ഡി.ജോൺസന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 02.09.2013 മുതൽ 29.01.2014 വരെ എം.ജി.എൻ.ആർ.ഇ.ജി.എസ്. കൊല്ലം ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അധികച്ചുമതല വഹിച്ച ശ്രീ.ഡി.ജോൺസന് കെ.എസ്.ആർ. ഭാഗം-I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ (pre-revised) മിനിമത്തിന്റെ 6% എന്ന നിരക്കിൽ, 02.09.2013 മുതൽ പരമാവധി 3 മാസക്കാലയളവിലേയ്ക്ക്, ടിയാൾ കമ്മ്യൂട്ടഡ് ലീവിലായിരുന്ന 03.09.2013 മുതൽ 13.09.2013 വരെയുള്ള കാലയളവിൽ ടിയാന് ചാർജ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ചാർജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ഡി.ജോൺസൺ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ